**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 468** **12-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുത അപകടങ്ങൾ തടയാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്‌റഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പല അപകടങ്ങളും മരണ കാരണമാകുന്നതിനാൽ വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും കമ്പി പൊട്ടി വീണുള്ള അപകടങ്ങൾ കുറയ്ക്കാനായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റെനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെവി ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, എർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്ററർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റെനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തു വരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നു. വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് ലക്ഷ്യമിട്ട് നടത്തി വരുന്ന പദ്ധതി ആണ് ഇ-സേഫ് കേരള. ടി പദ്ധതിയുടെ ഭാഗമായി ഗാർഹിക മേഖലയിലെ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനായി വൈദ്യുത സുരക്ഷാ ഉപകരണമായ ഇ.എൽ.സി.ബി നിർബ ന്ധമാക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അഗളി, പുതൂർ, ഷോളയാർ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിലെ 600-ഓളം എസ്.സി/ എസ്.ടി വിഭാഗത്തിലെ ഉപഭോക്താ ക്കളുടെ വീട്ടിലെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി സ്ഥാപിച്ച നൽകുന്ന പദ്ധതി നടപ്പിലാക്കി. കൂടാതെ, മാസ വൈദ്യുതി ഉപയോഗം 20 യൂണിറ്റിൽ താഴെയും കണക്റ്റഡ് ലോഡ് 500 watts ന് താഴെയുള്ള ഉപഭോക്താക്കളുടെ വീട്ടിലെ വയറിംഗ് ശരിയായ രീതിയിൽ റീവയറിംഗ് ചെയ്ത് കുറഞ്ഞത് നാല് പോയിന്റെങ്കിലും ഉണ്ടാകത്തക്കരീതിയിൽ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ അടക്കം സുരക്ഷാ ഉപകരണങ്ങളോടു കൂടി സ്ഥാപിച്ച നൽകുന്ന പദ്ധതി, പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. കൂടാതെ വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി ശിരോപരിതല ലൈനുകളിൽ സ്പേസറുകളും ഗാർഡിംഗും സ്ഥാപിക്കുന്നതിനും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെ സെക്കൻഡറിയിൽ ബ്രേക്കറുകൾ സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ച വരുന്നു. കൂടാതെ പൊതുജന ബോധവൽക്കരണം വഴിയും അപകടങ്ങൾ കുറയ്ക്കുന്നതിനായി ശ്രമിക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി പത്ര ശ്രവ്യ മാദ്ധ്യമങ്ങൾ വഴി വൈദ്യുത സുരക്ഷാ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കായി വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളും വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നു. |
| (സി) | വൈദ്യുത ഉപകരണം പ്രവർത്തിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സുരക്ഷാക്രമീകരണങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | വൈദ്യുത ഉപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖ തയ്യാറാക്കി മീറ്റർ റീഡർമാർ, കുടുംബശ്രീ പ്രവർത്തകർ വഴി വിതരണം ചെയ്ത് വരുന്നു. കൂടാതെ പത്ര ശ്രവ്യ മാധ്യമങ്ങൾ വഴിയും പാലിക്കേണ്ട സുരക്ഷാ മുൻകരുതലു കളെക്കുറിച്ച് പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ് *468

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും കമ്പി പൊട്ടി വീണുള്ള അപകടങ്ങൾ കുറയ്ക്കാനായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റെനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെവി ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നകിടക്കുന്ന ലൈനുകൾ റീ ഷാക്കിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, ഏർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്ററർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റെനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയ പ്രവർത്തികൾ ചെയ്തു വരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, തുടങ്ങിയ പ്രവർത്തികൾ നടന്നുവരുന്നു.

. കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിന്റെ" ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിനു '**ദ്യുതി 2021'** എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടിട്ടുണ്ട് . ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്റ്ററിങ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്ന് പോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലി സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട് . കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു.

**സുരക്ഷാ നയം:** വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും, മേൽനോട്ടം വഹിക്കുന്നവർക്കും, പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടം ഉണ്ടാകാതിരിക്കാൻ വേണ്ടി സെൻടൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010 ലെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളും ആണ് കെ.എസ്.ഇ. ബി. ലിമിറ്റഡിൻറെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സുരക്ഷാ നയവുമായി ബന്ധപെട്ട് ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളുടെ സേഫ്റ്റി പ്രോസിജിയർ തയ്യാറാക്കി എല്ലാ ഓഫീസുകളിലും പുസ്തക രൂപത്തിലും PDF രൂപത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

**എല്ലാ ലൈൻമാൻ മാർക്കും സേഫ്റ്റി കിറ്റ്**:

വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ഷോൾഡർ ബാഗോടുകൂടി ഉപയോഗിക്കുന്നതിനായി നൽകുന്ന പദ്ധതിയാണിത്. ഇത് പ്രകാരം എല്ലാ സെക്ഷനുകളി ലെയും ലൈൻമാന്മാർക്ക് സേഫ്റ്റി കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

മീറ്റർ റീഡർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ മുഖേന എല്ലാ ഉപഭോക്താക്കൾക്കും നൽകുന്നതിനു വേണ്ടി വൈദ്യുത സുരക്ഷയെ കുറിച്ചുള്ള ബോധവൽക്കരണത്തിന് ആവശ്യമായ നോട്ടീസ് തയ്യാറാക്കി എല്ലാ സെക്ഷൻ ഓഫീസുകളിലും എത്തിച്ചിട്ടുണ്ട്.

മേൽപറഞ്ഞ നോട്ടീസിൽ വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ സുരക്ഷയെ കുറിച്ച് ശ്രദ്ധിക്കേണ്ട താഴെ പറയുന്നവ ഉൾപ്പെടുത്തിയിരിക്കുന്നു.

- കട്ടർ, ഡ്രിൽ, വെൽഡിംഗ് മെഷീൻ തുടങ്ങിയ നിർമ്മാണ ഉപകരണങ്ങൾ നിലവാര മുള്ളവ മാത്രം ഉപയോഗിക്കുക. അവ ഉപയോഗിക്കുമ്പോൾ വൈദ്യുതി സമ്പർക്കത്തിലൂടെ അപകടമുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ കൈകൊള്ളണം. ജോയിന്റ് ഇല്ലാത്ത വയറുകൾ മാത്രമേ ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവൂ.

- വീടുകളിലും സ്ഥാപനങ്ങളിലും ELCB അല്ലെങ്കിൽ RCCB എന്ന ഉപകരണം കൂടി വീട് വയറിംഗ് ചെയ്യുമ്പോൾ ഉൾപ്പെടുത്തുക. താല്ക്കാലിക ആവശ്യത്തിനായി എടുക്കുന്ന കണക്ഷന്റെ തുടക്കത്തിൽ തന്നെ ELCB ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. ഇത് അവിടെ വൈദ്യുത അപകടം ഒഴിവാക്കുന്നതിന് സഹായിക്കും. ELCB പ്രവർത്ത നക്ഷമമാണോയെന്ന് നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തുക. ELCB യെ കുറിച്ചുള്ള വിജ്ഞാന പ്രദമായ വീഡിയോ വിവിധ മാധ്യമങ്ങളിലൂടെ പൊതു ജനങ്ങൾക്കു എത്തിച്ചിട്ടുണ്ട്.

- വൈദ്യുതി ഉപയോഗിച്ചുള്ള ഏതൊരു താത്കാലിക പ്രവർത്തിയും ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട KSEBL-ന്റെ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് അനുമതി വാങ്ങണം.

- വൈദ്യുതലൈനിൽ നിന്നും സുരക്ഷിതമായ അകലം പാലിക്കാതെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും, നീളം കൂടിയ ലോഹ നിർമ്മിത പൈപ്പുകളുള്ള റോളർ ബ്രഷുകൾ ഉപയോഗിച്ച് പെയിന്റിംഗ് ജോലികൾ ചെയ്യുന്നതും അപകടങ്ങൾക്ക് വഴിയൊരുക്കും .

- കേബിൾ ടി.വി. അഡാപ്റ്ററിന്റെ ലോഹ ഭാഗങ്ങളിൽ സ്പർശിക്കരുത്.

- നനഞ്ഞ വിരലുകൾ ഉപയോഗിച്ച് സ്വിച്ചുകൾ പ്രവർത്തിപ്പിക്കരുത്. നനഞ്ഞ പ്രതലത്തിൽ നിന്ന് വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിയ്ക്കാൻ ശ്രമിക്കുന്നത് അപകട കാരണമാകും.

- ലൈസൻസുള്ളവരെക്കൊണ്ട് മാത്രമേ വൈദ്യുതജോലികൾ ചെയ്യിക്കാവൂ.

- വയറിംഗിന്റെ എർത്ത് ശരിയായ രീതിയിലാണെന്ന് പരിജ്ഞാനമുള്ളവരെക്കൊണ്ട് നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഉറപ്പുവരുത്തണം. എർത്ത് വയറിൽ സ്പർശിക്കരുത്.

- ജോയിന്റുള്ള വയറുകൾ വഴി വൈദ്യുതി ഉപയോഗിച്ച് ഉപകരണങ്ങൾ പ്രവർത്തി പ്പിക്കരുത്. ഇത് അപകടകാരണമാകും.